കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# തിരുനാവായ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം
## മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/2242/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി: 22-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

തിരുനാവായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുനാവായ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങളും, തടസ്സങ്ങളും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.17/2242/17 തിയ്യതി: 22-11-2017

<u>മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-11-2016 മുതൽ 12-09-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 01-09-16 മുതൽ 31.3.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-09-2017 മുതൽ 25-09-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. മൂസ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ മുഹമ്മദ് സിയാദ് പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ ഫൈസൽ എടശ്ശേരി | 1-4-2016മുതൽ 31-03-2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി ടി.പി.സരസ്വതി | 01.04.2016 മുതൽ 31.5.2016 FN വരെ |
| ഇൻ ചാർജ് | ശ്രീ മുഹമ്മദ് ഷെരീഫ് അസിസ്റ്റന്റ് സെക്രട്ടറി | 31.5.2016 AN മുതൽ 12.7.2016 വരെ |
| ഇൻ ചാർജ് | മുരളീധരൻ നായർ ജൂനിയർ സുപ്രണ്ട് | 13.7.2016 മുതൽ 23.10.2016 വരെയും 21.11.16 മുതൽ 30.12.16 വരെയും 17.3.17 മുതൽ 31.3.17 വരെയും |
| ഇൻ ചാർജ് | ശ്രീ മധു. പി.പി അസിസ്റ്റന്റ് സെക്രട്ടറി | 24.10.2016 FN മുതൽ 16.11.16 വരെ |
| ഒഴിവ് (ചാർജ് ഇല്ല) | | 17-11-16 മുതൽ 20-11-16 വരെ |
| | ശ്രീ ഫവാസ് ഷെമീം | 31.12.16 മുതൽ 16.3.17 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ മുഹമ്മദ് ശരീഫ്.എം | 01.04.2016 മുതൽ 15.8.16 വരെ |
| | ശ്രീ മധു. പി.പി | 16.8.16 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മിനി സി | 01.04.2016 മുതൽ 27.7.16 വരെ |
| | ശ്രീമതി ബീന | 28.7.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. സൂര്യനാരായണൻ | 01.04.2016മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബീന | 01.04.2016 മുതൽ 31.3.2017 വരെ |
| വി. ഇ. ഒ | ശ്രീ മുഹമ്മദ് ഹാഷിം | 01.04.2016 മുതൽ 25.10.2016 വരെ |
| | ശ്രീ ലൈജു മോൻ | 26.10.2016 മുതൽ 15.11.16 വരെ |
| | ശ്രീ ബാബുമോൻ | 16.11.16 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മുജീബ് റഹ്മാൻ | 01.04.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ പി.കെ അജയകുമാർ | 01.04.2016 മുതൽ 07.11.16 വരെ |
| | ശ്രീമതി ജിൻസി | 8.11.16 മുതൽ |

| | | |
|---|---|---|
| | | 16.3.17വരെ |
| | ശ്രീമതി രശ്മി | 17.3.17 മുതൽ<br>31.3.17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ശശീന്ദ്രൻ | 01.04.2016 മുതൽ<br>31.3.2017വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-1 | |
| 13 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-2 | |
| 14 | പരസ്യ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-3 | |
| 15 | റേഷൻ കടകൾക്ക് ലൈസൻസും തൊഴിൽ നികുതിയും ഇല്ല | 2-4 | |
| 16 | സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 | |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-6 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 18 | കുടിവെള്ള പദ്ധതി വിപുലീകരണത്തിന് തുക നിക്ഷേപിച്ചത് | 3-1 | |
| 19 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമാക്കൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-2 | |
| 20 | മരുന്ന് മുഴുവനായും ലഭ്യമായില്ല | 3-3 | |
| 21 | മരാമത്ത് പ്രവൃത്തികളിൽ നിന്നും നികുതി ഈടാക്കിയില്ല | 3-4 | |
| 22 | കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണി. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 | |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ. ഒരു അവലോകനം | 3-6 | |
| 24 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 3-7 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 34 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 23-06-2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു-

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 17.7.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ

## വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 13.09.17 -25.09.17 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷിക കണക്ക് പരിശോധന -അപാകതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2).അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)അക്രുവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)2015-16 ലെ വാർഷിക കണക്കു പ്രകാരം വസ്തു നികുതി കുടിശിക 16,46,219 രൂപയും തൻവർഷ കുടിശിക 2,52,247ഉൾപ്പെടെ 18,98,466 ആണ് ആകെ കുടിശിക ഡിമാന്റ്. എന്നാൽ 16-17 വാർഷിക കണക്കു പ്രകാരം 26,83,929 കുടിശിക വരവുണ്ട് .

6)ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 24920 രൂപ ബാധ്യതയാക്കി നിലനിർത്തിയിട്ടുണ്ട്.

7)B-18 ഷെഡ്യൂൾ പ്രകാരം 2,762,358 രൂപ ലോൺ, അഡ്വാൻസ് & ഡെപ്പോസിറ്റ് ഇനത്തിൽ ഉണ്ട്. പൂർണമായ വിശദാംശങ്ങൾ ബന്ധപ്പെട്ട റജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

8)ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 55000 രൂപ ഉണ്ടെങ്കിലും ആയതിന്റെ ഷെയർ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9)B-15 ഷെഡ്യൂൾ പ്രകാരം 666645 രൂപ കെട്ടിട വാടക കുടിശ്ശിക വാടക രജിസ്റ്ററിലെ തുകയായ 70024-മായി പൊരുത്തപ്പെടുന്നില്ല.

10) വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച ക്രമ നമ്പറിട്ടു സൂക്ഷിച്ചിട്ടില്ല.

11)നിർവ്വഹണോദ്യോഗസ്ഥർ ബ്രിഡ്ജ് അക്കൗണ്ട് തുടങ്ങിയിട്ടില്ല.
12) 2016-17 വാർഷിക ധനകാര്യ പത്രികയിൽ മുൻകൂർ നൽകിയ തുക (ഖണ്ഡിക 4-2 പ്രകാരം) ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം09./25.9.2017 ന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,51,437,48 |
| വരവ് | 5,09,84,746 |
| ആകെ | 6,61,28,494 |

| | |
|---|---|
| ചെലവ് | 4,29,48,970 |
| നീക്കിയിരിപ്പ് | 2,31,79,524 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കി യിരിപ്പ് RP-40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജന. | 0 | 15491247 | 15491247 | 8108154 | 7383093 | 52.34 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4295229 | 4295229 | 2210000 | 2085229 | 51.45 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 26892 | 26892 | 0 | 26892 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4268202 | 4268202 | 0 | 4268202 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4302336 | 4302336 | 2211090 | 2091246 | 51.39 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8687822 | 8687822 | 4814494 | 3873328 | 55.42 | 0 |
| ലോകബാങ്ക് സഹായം (കേന്ദ്രം) | 0 | 3360590 | 3360590 | 1498849 | 1861741 | 44.6 | 0 |
| ലോകബാങ്ക് സഹായം (സ്റ്റേറ്റ്) | 0 | 1195756 | 1195756 | 0 | 1195756 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി-ഫണ്ട് | 0 | 40950505 | 40950505 | 40950505 | 0 | 100 | 0 |
| MNREGS | 1473 | 7423189 | 7424662 | 7422066 | 0 | 99.97 | 2596 |

## 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച % |
|---|---|---|---|---|---|---|
| 220 | 123303335 | 120 | 27252576 | 20 | 80 | 22.10 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23 ശതമാനം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5512082 | 7458761 | 1946679 | 35 |
| നികുതിയേതര വരവുകൾ | 602130 | 1791447 | 1189317 | 197 |
| മറ്റ് വരവുകൾ (ജനറൽ പർപ്പസ്) | 1,29,62,961 | 1,42,55,964 | 12,93,003 | 10 |
| ആകെ | 19077173 | 23506172 | 4428999 | 23 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42360 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 1000860 | 103 |
| വിധവാ പെൻഷൻ | 13043680 | 1291 |
| വാർദ്ധക്യകാല പെൻഷൻ | 21991340 | 1865 |
| അംഗപരിമിതർക്കുള്ള പെൻഷൻ | 3945665 | 368 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 510000 | 18 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 356600 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.9.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,549/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.08.2017-24.8.2017 | 6/2017-7/2017 | 8.9.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമായില്ല | 1997-98 മുതൽ 2009-10 വരെ | 16.8.2013 |

## 1-10 ആഭ്യന്തര നിയന്ത്രണം

പ്രത്യേക പരാമർശമില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2016-17ലെ രണ്ടാം അർധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ബന്ധപ്പെട്ട രജിസ്റ്ററിലും രേഖകളിലും സ്ഥലം മാറിപ്പോയതിന്റെയോ വിരമിച്ചതിന്റെയോ, വിശദാംശം രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | സ്ഥാപനം | ഒന്നാം അർദ്ധ വർഷം ഒടുക്കിയത് |
|---|---|---|---|---|
| 1 | ഹരീഷ് കുമാർ പി | JHI | | 1250 |
| 2 | സൗമ്യ സി.എ | JPHN | “” | 1250 |
| 3 | ഡോ.ഫരീദ കെ. | M.O | “” | 1250 |
| 4 | ജിതിൻ പി പി | സ്റ്റാഫ് നഴ്സ് | “” | 600 |
| 5 | ഗോപകുമാർ വി | സീനി.സൂപ്രണ്ട് | KSEB | 1250 |
| 6 | മൻസാറുദ്ദീൻ എ | സൂപ്രണ്ട് | ,, | 750 |

| | | | | |
|---|---|---|---|---|
| 7 | പ്രദീപ് കുമാർ എം | സബ്.എഞ്ചിനിയർ | ,, | 1250 |
| 8 | അഭിലാഷ് സി | സീനിയർ അസി. | ,, | 1250 |
| 9 | സുരേന്ദ്രൻ എൻ | ഓവർസീയർ | ,, | 1250 |
| 10 | ജോസഫ് എം. | ലൈൻമാൻ ഗ്രേ..I | ,, | 1250 |
| 11 | പ്രദീപ് എൻ സി | ലൈൻമാൻ ഗ്രേ.II | ,, | 1250 |
| 12 | അഭിഷേക് രാജൻ | എസ്.ഡി.ഇ. | BSNL | 1250 |
| 13 | സിനിത പി. | പ്യൂൺ | തിരുനാവായ ദേവസ്വം | 750 |
| 14 | വാസുദേവൻ പി. | GDSMC | സബ് പോസ്റ്റ് ഓഫീസ് | 600 |
| 15 | പ്രതീഷ് രാജ് | OAST | കേരള ഗ്രാമീൺബാങ്ക് | 1250 |
| 16 | ഷിബു | വി.എഫ്.എ. | വില്ലേജ് ഓഫീസ് | 1250 |
| 17 | രവി പി.വി. | ,, | ,, | 1250 |
| 18 | അബ്ദുൽ സലിം വിവി | എച്ച് എസ് എ | NMHS | 1250 |
| 19 | അബു ബക്കർ | കീ മാൻ | SDO,സതേൺ റെയിൽവെ | 1250 |
| 20 | ചന്ദ്രൻ ടി.എ | ട്രാക്ക് മാൻ | ,, | 1000 |
| 21 | ഷിഫാന | ,, | ,, | 750 |
| 22 | സുമതി | ,, | ,, | 1000 |
| 23 | സുനീർ എച്ച് | ,, | ,, | 1000 |
| 24 | വിവേക് | ,, | ,, | 1000 |
| 25 | സദാനന്ദൻ പി.ആർ | പോർട്ടർ | ,, | 1000 |

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.01/18.9.17 ന തൊഴിൽ നികുതി അടവാക്കാനായി തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചു. തൊഴിൽ നികുതി അടവാക്കി വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-സ്ഥാപന വിഹിതം ഈടാക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും2016-17-ൽ രണ്ടു അർധ വർഷങ്ങളിലും തൊഴിൽനികുതി സ്ഥാപന വിഹിതം ഈടാക്കിയതായി കാണുന്നില്ല.

I) ബി.എസ്.എൻ.എൽ

II) കെ.എസ്.ഇ.ബി

III) മാവേലി സ്റ്റോർ

ഇതു സംബന്ധിച്ച് നല്കിയ എൻക്വയറി നം. 5/18.9.17 ന നികുതി അടവാക്കാൻ മൂന്ന സ്ഥാപനങ്ങൾക്കും നോട്ടീസ് നല്കിയിട്ടുണ്ടെന്ന മറുപടി നല്കിയിട്ടുണ്ട്. അടവു വിവരത്തിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന്, അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. പാതയോരങ്ങളിലെ അനധികൃത പരസ്യങ്ങൾ നിയന്ത്രിക്കാമെന്നതിനാലും തനതു വരുമാനം വർദ്ധിപ്പിക്കാമെന്നതിനാലും, നിയമപ്രകാരമുള്ള ബൈലോ തയാറാക്കാനും പരസ്യ നികുതി ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.02/18.9.2017ന് ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 2-4 റേഷൻ കടകൾക്ക് ലൈസൻസും തൊഴിൽ നികുതിയും ബാധകമാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ വിവരം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരങ്ങളാവശ്യപ്പെട്ട് നല്കിയ എൻക്വയറി നം.3/18.9.17 പ്രകാരം ലഭ്യമാക്കിയ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | 113 | അജിതപ്പടി |
| 2 | 114 | വലിയപറപ്പൂർ |
| 3 | 116 | ചൂണ്ടിക്കൽ |
| 4 | 231 | കാർത്തൂർ |
| 5 | 232 | തിരുനാവായ |
| 6 | 233 | വാറങ്കോട് |
| 7 | 234 | എടക്കുളം |
| 8 | 235 | പട്ടർനടക്കാവ് |
| 9 | 236 | ചേറൂരാൽ |
| 10 | 237 | കുണ്ടിലങ്ങാടി |
| 11 | 238 | പട്ടർനടക്കാവ് |

| | | |
|---|---|---|
| 12 | 239 | എടക്കുളം |
| 13 | 241 | ചേറൂരാൽ |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാനും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രേഖകളും ഡിമാൻറ് റജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17-ൽ രണ്ടു അർധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

I. വൈരങ്കോട് ദേവസ്വം

II. കമ്മു മുസ്ല്യാർ ഹൈസ്കൂൾ, കൈതക്കര

III. ഖിദ്മത്ത് കോളേജ് പട്ടർനടക്കാവ്.

VI. മലബാർ ഹെൽത്ത് കെയർ,തിരുനാവായ

V. മർക്കസ് ഐ.ടി.സി കാരത്തൂർ.

ഓഡിററ് എൻക്വയറി നം.4/ 18.9.2017 ന നല്കിയ മറുപടിയിൽ ക്രമ നമ്പർ I മായി ബന്ധപ്പെട്ട കേസ് നിലവിലുള്ളതിനാൽ ആയത് തീർപ്പാകുന്ന മുറക്ക് ഈടാക്കുന്നതാണെന്നും ശേഷിക്കുന്ന സ്ഥാപനങ്ങൾക്ക് പല തവണ നോട്ടീസ് നല്കിയിട്ടും അടവാക്കിയിട്ടില്ലാത്തതിനാൽ വിഷയം ഭരണസമിതിയുടെ പരിഗണനയിലാണെന്നും അറിയിച്ചു. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ച ആയതിന്റെ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ പരിധിയിൽ 6 മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും ഒരു ടവറിന്റെ വസ്തു നികുതി മാത്രമാണ് നിർണ്ണയിച്ച് ഡിമാന്റ് ചെയ്തു കാണുന്നത്. ഇതുമായി ബന്ധപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 6/18.9.16 ന നല്കിയ മറുപടിയിൽ ശേഷിക്കുന്ന ടവറുകൾ കംപ്ലീഷൻ പ്ലാൻ/നമ്പറിംഗ് അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ലാത്തതിനാലും ആയവയുടെ സ്റ്റെബിലിറ്റി നിർണയിക്കാത്തതിനാലും വസ്തു നികുതി ഡിമാന്റ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നു അറിയിച്ചു.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് അനുവാദം വാങ്ങാതെ യാതൊരാളും ഏതെങ്കിലും സർക്കാരിതര വാർത്താവിനിമയ ഗോപുരങ്ങളോ, വാർത്താവിനിമയ തൂൺ നിർമ്മാണങ്ങളോ/ പുനർനിർമ്മാണങ്ങളോ നടത്താൻ പാടില്ലാത്തതാണ്. ആയതിനാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കി മൊബൈൽ ടവർ നിർമ്മാണം ക്രമവൽക്കരിക്കാനും മുഴുവൻ മൊബൈൽ ടവറുകളുടെയും വസ്തു നികുതി ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതും നികുതി അടവാക്കുന്നതിൽ നിന്നും ഏതെങ്കിലും ടവറിനെ ഒഴിവാക്കുന്ന പക്ഷം ആയതിന്റെ കാരണ സഹിതമുള്ള വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള പദ്ധതി വിപുലീകരണത്തിന് തുക നിക്ഷേപിച്ചത്

നിർവ്വഹണം :പഞ്ചായത്ത് സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ നടത്തിക്കൊണ്ടുപോകുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വിപുലീകരണത്തിനായി പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് വിവരം<br>വൗച്ചർ നം,തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 1 | 167/17:ഇല്ലത്ത് പടി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600832/16.2.17<br>50,000 | |
| 2 | 244/17:ചന്ദനക്കാവ് ചെനപ്പുറം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600833/16.2.17<br>200000 | |
| 3 | 203/17:അടിച്ചോല ഇടവഴി മുസലിയാർ അങ്ങാടി<br>പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600834/16.2.17<br>300000 | |
| 4 | 207/17:മേനോൻപ്പടി എറാത്ത് പറമ്പ് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600835/16.2.17<br>250000 | |

| | | | |
|---|---|---|---|
| 5 | 201/17: കാരഞ്ഞൂർ സ്കൂൾപ്പടി ജുമാമസ്ജിദ് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600836/16.2.17<br>100000 | |
| 6 | 200/17: മേടിപ്പാറ ചോഴിപ്പടി കണ്ടംപ്പാറ റോഡ്പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600837/16.2.17<br>100000 | |
| 7 | 207/17:മേടിപ്പാറ കുഴൽകിണർ വള്ളിക്കാടൻ റോഡ്പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600947/21.3.17<br>59918 | |
| 8 | 227/17:കുത്ത്കല്ല് പറമ്പ് കുട്ടൻറോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 51600995/21.3.17<br>100000 | |
| 9 | 205/2017:ഇക്ബാൽ നഗർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2160103/31.3.17<br>100000 | |
| 10 | 234/17:വില്ലേജ് ഓഫീസ് ഇടവഴി അമ്പാടി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2160136/31.3.17<br>50000 | നിർവ്വഹണത്തിനായി KWA എടപ്പാൾ PH ഡിവിഷനുമായി കരാർ വെച്ചു |

| | | | |
|---|---|---|---|
| 11 | 233/17:അംഗനവാടി മന്താരക്കുന്ന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2160137/31.3.17<br>50000 | |
| 12 | 232/17:കുന്നംപുറം ചങ്ങമ്പള്ളി ഫുട്പാത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2160138/31.3.17<br>125822 | |
| 13 | 230/17:കിഴക്കുമുഴക്ക് ചെറുകുളം റോഡ്പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2160139/31.3.17<br>216513 | |
| 14 | 231/17:നീറ്റിങ്കര പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2160140/31.3.17<br>80000 | |

പ്രോജക്റ്റ് നമ്പർ 205, 230, 231, 232, 233, 234 എന്നിവക്കായി 69,149 രൂപ സെന്റേജ് ചാർജ് ഉൾപ്പെടെ 622,335 രൂപയുടെ എസ്റ്റിമേറ്റ് KWA എടപ്പാൾ PH ഡിവിഷൻ തയ്യാറാക്കി. മേൽ കാണിച്ച പ്രൊജക്റ്റുകളായ 207, 208, 212, 226, 227 എന്നിവക്ക് 7,68,849 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി ഫയലിലുണ്ട്. പ്രോജക്റ്റ് നമ്പർ 162, 200, 201, 202, 203, 204 എന്നിവയുടെ നിർവ്വഹണത്തിന് 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി വാങ്ങിയതിന്റെ രേഖകളില്ല. അപാകതൾ രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തി.
ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 17,82,253 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 പഞ്ചായത്ത് ലൈബ്രറി പ്രവർത്തനക്ഷമമാക്കൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിൽ 1990 മുതൽ പ്രവർത്തിച്ചു വരുന്ന പൊതുജന വായനശാലയുടെ നിലവിലെ അവസ്ഥ പരിതാപകരമാണെന്ന് കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോത്സാഹനവും ഗ്രാമപഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്.

പഞ്ചായത്തിലെ പട്ടർനടക്കാവ് കേന്ദ്രീകരിച്ചുള്ള പൊതുജന വായനശാലയുടെ സ്റ്റോക്ക് രജിസ്റ്ററിൽ 1200 പുസ്തകങ്ങൾ സ്റ്റോക്കുണ്ടെങ്കിലും അവ പൂർണ്ണമായും ദ്രവിച്ച്

ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണെന്ന് വ്യക്തമാകുന്നു. സാംസ്കാരിക മേഖലയിൽ കൃത്യമായ ഇടപെടൽ നടത്തേണ്ട ഗ്രാമപഞ്ചായത്ത് പദ്ധതി തുക വിനിയോഗത്തിന്റെ ഭാഗമായി പുതിയതായി പുസ്തകങ്ങൾ വാങ്ങുന്നതിന് ഇതുവരെ പ്രോജക്ടുകളൊന്നും തയ്യാറാക്കിയിരുന്നില്ല. നിലവിൽ വായനശാലയിൽ വരുത്തുന്ന രണ്ട് ദിനപത്രങ്ങൾ പോലും സ്ഥാപനത്തിൽ കൃത്യമായി ലഭ്യമാകുന്നില്ലായെന്നു മനസിലാകുന്നു. പൊതു വായനശാലയുടെ നടത്തിപ്പിനായി ഒരു അംഗീകൃത നിയമാവലി നിലവിലുണ്ടെങ്കിലും കഴിഞ്ഞ അഞ്ചു വർഷമായി അംഗത്വം അനുവദിക്കുന്നില്ല. ആജീവനാന്ത അംഗത്വമുള്ള 8 പേരിൽ ഒരാൾപോലും സ്ഥാപനവുമായി ബന്ധപ്പെടുന്നുമില്ല.
പൊതു വായനശാലയുടെ ഫലപ്രദമായ നടത്തിപ്പിന് വിദ്യാഭ്യാസം, സംസ്കാരം, കലാകായിക വികസനം, യുവജനക്ഷേമം ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് കൃത്യമായ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കേണ്ടതും ആയതിന്റെ നടത്തിപ്പിന് പഞ്ചായത്ത് ഭരണ സമിതിയുടെ മേൽനോട്ടമുണ്ടാവേണ്ടതുമാണ്.

## 3-3 മരുന്ന് മുഴുവനായും ലഭ്യമായില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി താഴെ കാണും പ്രകാരം തുക മുൻകൂർ നല്കിയെങ്കിലും നാളിത് വരെ മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം./ പേര് | ബിൽ നമ്പർ/ തീയതി | തുക | ലഭിച്ചത് | ശേഷിക്കുന്നത് |
|---|---|---|---|---|
| S089/16-17 പരിരക്ഷ മരുന്ന് | 2/16-17/ 17-02-17 | 1,00,000 | 70986 | 29014 |
| -ടി- | 5/16-17/ 26-03-17 | 304,000 | 7049 | 296951 |
| S0252/16-17, ആയുർവേദ ആശുപത്രിക്ക് മരുന്ന് | 6/16-17/ 24-3-17 | 300000 | 148028 | 151972 |
| S0253/16-17 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് | 8 / 16-17 29.3.2017 | 200000 | 0 | 200000 |
| | | | ആകെ | 677937 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറി നം.08/25.9.2017 നു മരുന്നു ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നത് വരെ അവശേഷിക്കുന്ന ചെലവു തുക തടസത്തിൽ വെക്കുന്നു.

## 3-4 മരാമത്ത് പ്രവൃത്തികളിൽ നിന്നും നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് അസി.എഞ്ചിനീയർ നടപ്പിലാക്കിയ പെറ്റി വർക്കുകളിൽ നിന്നും നിയമപരമായി ഈടാക്കേണ്ട മൂല്യവർദ്ധിത നികുതി കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. പ്രവൃത്തികളിൽ നിന്നും കെട്ടിട നിർമ്മാണ ക്ഷേമനിധിയായായി മൂല്യനിർണ്ണയ തുകയുടെ ഒരു ശതമാനം റിക്കവറി നടത്തിയിട്ടുണ്ടെങ്കിലും അടവാക്കിയതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, വൗച്ചർ നമ്പർ | മൂല്യനിർണ്ണയ തുക (രൂപ) | വാറ്റ് നികുതി ഈടാക്കാത്തത് (രൂപ) | ക്ഷേമനിധി അടവാക്കാത്തത് (രൂപ) |
|---|---|---|---|---|
| 1 | വാഴൂട്ടിക്കാവ് ഇടവഴി റോഡ് ഉയർത്തൽ<br>കെ എം മൊയ്തീൻ<br>21600678/16.02.2017 | 9045 | 452 | 90 |
| 2 | കോന്നല്ലൂർ പീടിക റോഡ് ഉയർത്തൽ<br>എ.പി.അബൂബക്കർ<br>21600677/16.12.2017 | 9117 | 456 | 92 |
| 3 | പെറ്റമ്മൽ റോഡ്ഉയർത്തൽ<br>എ.പി. അബൂബക്കർ<br>21600677/16.12.2017 | 9272 | 463 | 93 |
| 4 | കോന്നല്ലൂർ പടിഞ്ഞാറക്കര റോഡ്<br>എ .പി അബൂബക്കർ<br>21600677/16.12.2017 | 9179 | 459 | 92 |
| 5 | കാരണ്ണൂർ ബീരാഞ്ചിര റോഡ്<br>സി. പി കുഞ്ഞിമുഹമ്മദ്<br>21600674/16.12.2017 | 9689 | 484 | 92 |
| 6 | കുണ്ടുകുളം വലിയ പറപ്പൂർ കായൽ<br>സി .പി കുഞ്ഞിമുഹമ്മദ് | 9525 | 476 | 95 |

| | | | | |
|---|---|---|---|---|
| | 21600673/16.12.2017 | | | |
| 7 | സംസ്കൃത കോളേജ് സബ്സെന്റർ റോഡ്<br>സി .പി കുഞ്ഞിമുഹമ്മദ്<br>21600067/16.12.2017 | 9431 | 472 | 94 |
| 8 | താഴത്തറ വാലില്ലാപ്പുഴ റോഡ്<br>സി .പി കുഞ്ഞിമുഹമ്മദ്<br>21600670/16.12.2017 | 9310 | 466 | 93 |
| 9 | അഴകത്തുകുളം മിച്ചഭൂമി റോഡ്<br>എ. ഹംസ<br>21600669/16.12.2017 | 9575 | 479 | 96 |
| 10 | അഴകത്ത്കുളം മച്ചിഞ്ചേരി റോഡ്<br>എ. ഹംസ<br>21600668/16.12.2017 | 9752 | 488 | 98 |
| 11 | ചെറുപറമ്പ് കോളനി നാവാമുകുന്ദ റോഡ്<br>കെ .എം മൊയ്തീൻ<br>21600667/16.12.2017 | 9840 | 492 | 98 |
| 12 | വിഷവൈദ്യൻ ചെറുതോട് റോഡ്<br>കെ. എം മൊയ്തീൻ<br>21600666/16.12.2017 | 9159 | 458 | 92 |
| 13 | തിരുനാവായ കനാൽ റോഡ്<br>എ .ഹംസ<br>21600664/16.12.2017 | 9335 | 467 | 93 |
| | ആകെ | | 6112 | 1218 |

മേൽ പ്രവൃത്തികളിൽ നിന്നും മൂല്യവർദ്ധിത നികുതിയിനത്തിൽ 6112 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും റിക്കവറി നടത്തി തനത് ഫണ്ടിൽ സൂക്ഷിക്കുന്ന കെട്ടിട നിർമ്മാണ ക്ഷേമനിധി വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 3-5 കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണി. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ എന്ന പ്രൊജക്ട് (94/17) പ്രകാരം വിവിധ കുടിവെള്ള പദ്ധതികളുടെ കേടായ (ലീക്ക്) പൈപ്പുകൾ മാറ്റി സ്ഥാപിച്ചതിന് തനത് ഫണ്ടിൽ നിന്ന് 288794 രൂപ (ചെക്ക് നമ്പർ.21323/5.1.2016) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചുവടെ കാണിച്ച അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. ഏത് കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനിലാണ് പ്രവൃത്തി നിർവ്വഹിക്കാനുള്ളത് എന്ന് എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തികൾ ചെയ്തത് ഏതൊക്കെ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനിലാണ് എന്ന് അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടില്ല. വിവിധ വീട്ട് നമ്പറുകൾ രേഖപ്പെടുത്തി അതിനടുത്താണ് പ്രവൃത്തി ചെയ്തത് എന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2. നിലവിലുള്ള വിവിധ കുടിവെള്ള പൈപ്പ് ലൈനിൽ ഒരു വർഷം വരാവുന്ന ലീക്ക് അടക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നുണ്ട്. ഭാവിയിൽ വരാൻ പോകുന്ന ലീക്ക് എങ്ങിനെയാണ് മുൻകൂട്ടി കണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമല്ല.

3. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണി, തുടർ നടത്തിപ്പ് എന്നിവ ഗുണഭോക്തൃ സമിതിയാണ് ചെയ്യേണ്ടത് എന്ന് സർക്കാർ ഉത്തരവുള്ളതാണ്. അറ്റകുറ്റപണി ചെയ്ത പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറിയവയാണോ, ഗ്രാമ പഞ്ചായത്ത് തന്നെ നേരിട്ട് നടത്തുന്നതാണോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 7/20.9.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് വ്യക്തമായ വിശദീകരണം നല്കിയിട്ടില്ല. ഈ റിപ്പോർട്ടിനുള്ള മറുപടിയോടൊപ്പം ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 288794 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്റ്റുകൾ . ഒരു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 101 പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് പ്രൊജക്റ്റുകൾ തയ്യാറാക്കിയിരുന്നത്. എന്നാൽ ഇതിൽ 23 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയത്. വിവധ ഫണ്ടുകൾ ഉപയോഗിച്ച് 4.50 കോടി രൂപയുടെ പ്രൊജക്റ്റുകൾ തയ്യാറാക്കിയതിൽ 58.35 ലക്ഷം രൂപ (12.95%) മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് വിനിയോഗിക്കാനായത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ പ്രൊജക്റ്റുകൾ | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 101 | 23 | 45039246 | 5835815 | 12.95 |

ഗ്രാമ പഞ്ചായത്തിന്റെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്കൂളുകളുടെ ഭൗതിക

സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, അംഗൻവാടി നിർമ്മാണത്തിനുമൊക്കയായി രൂപീകരിച്ച പ്രൊജക്റ്റുകൾ യഥാസമയം നടപ്പിലാക്കാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന്റെ കോടിക്കണക്കിന് രൂപയുടെ ഫണ്ട് ലാപ്സാകുന്നതിനും കാരണമായി. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്റ്റുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ജാഗ്രത പാലിക്കേണ്ടതുമാണ്. ഇക്കാര്യത്തിലെ വീഴ്ച ഓഡിറ്റ് ഗൗരവ പൂർവം വീക്ഷിക്കുന്നതാണ്.

## 3-7 ഭവന നിർമ്മാണം പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധന സഹായം കൈപറ്റിയ ചുവടെ കാണിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക |
|---|---|---|
| ഭവന നിർമ്മാണം - വിധവ (6/17 ) -@ 200000 | സുലൈഖ കായൽമഠത്തിൽ | 180000 |
| ജവഹർ ഭവന പദ്ധതി (4/17) - @ 200000 | വസന്ത കൊളഞ്ചേരി | 140000 |
| ,, | ബദറുന്നീസ പാടത്ത് പീടിയേക്കൽ | 180000 |

ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| നിർവഹണ ഏജൻസി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | അംഗവൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 18800 | 181200 |

| | | | | |
|---|---|---|---|---|
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിയേറ്റിവ് കെയർ | 0 | 200000 |
| | | | ആകെ | 3,81,200 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| | നിർവ്വഹണ ഏജൻസി | പ്രവർത്തി നം. | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ | നിക്ഷേപിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | KWA | 162/17 | ഇല്ലത്തപ്പടി എസ്.സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600832/ 20.2.17 | 50,000 | 0 | 50,000 |
| 2 | “” | 200/17 | മേടിപ്പാറ ചോഴിപ്പടി കണ്ടംപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600837/ 20.2.17 | 1,00,000 | 0 | 1,00,000 |
| 3 | “” | 201/17 | കാരത്തൂർ സ്കൂൾപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600836/ 20.2.17 | 1,00,000 | 0 | 1,00,000 |
| 4 | “” | 202/17 | മേനോൻപടി ഏരാത്ത് പറമ്പ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600835/ 20.2.17 | 2,50,000 | 0 | 2,50,000 |
| 5 | “” | 203/17 | അടിച്ചോല ഇടവഴി മുസ്ലിയാറങ്ങാടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600834/ 20.2.17 | 3,00,000 | 0 | 3,00,000 |
| 6 | “” | 204/17 | ചന്ദനക്കാവ് ചെനപ്പറം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600833/ 20.2.17 | 2,00,000 | 0 | 2,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | "" | 207/17 | മേടിപ്പാറ കുഴൽ കിണർ വള്ളിക്കാടൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600946/ 21-3-2017 | 59918 | 0 | 59918 |
| 8 | "" | 207/17 | ഇല്ലത്തടിപ്പടി പാലക്കാഴി ക്ഷേത്രം ഇടവഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600953/ 21-3-2017 | 1,50,000 | 0 | 1,50,000 |
| 9 | "" | 212/17 | താഴത്തറ വാലില്ലാപ്പുഴ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600952/ 21-3-2017 | 2,38,931 | 0 | 2,38,931 |
| 10 | "" | 226/17 | ചെനക്കൽ കൈതക്കര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600961/ 21-3-2017 | 2,20,000 | 0 | 2,20,000 |
| 11 | "" | 227/17 | കുത്ത്കല്ല് പറമ്പ് കുട്ടൻ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600950/ 21.03.2017 | 1,00,000 | 0 | 1,00,000 |
| 12 | "" | 205/17 | ഇക്ബാൽ നഗർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601031/ 31.03.2017 | 1,00,000 | 0 | 1,00,000 |
| 13 | "" | 230/17 | കിഴക്കുംമുക്ക് ചെറുകുളം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601039/ 30.03.2017 | 2,16,513 | 0 | 2,16,513 |
| 14 | "" | 231/17 | നീറ്റിങ്ങര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601040/ 31.03.2017 | 80,000 | 0 | 80,000 |
| 15 | "" | 232/17 | കിഴക്കുംമുക്ക് ചങ്ങമ്പള്ളി | 21601038/ 31.03.2017 | 1,25,822 | 0 | 1,25,822 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഫുട്ട്പാത്ത് ലൈൻ എക്സ്റ്റൻഷൻ | | | | |
| 16 | “” | 233/17 | അംഗനവാടി മന്താരംകുന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601037/ 31.03.2017 | 50,000 | 0 | 50,000 |
| 17 | “” | 234/17 | വില്ലേജ് ഓഫീസ് ഇടവഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601036/ 31.03.2017 | 50,000 | 0 | 50,000 |
| | | | | ആകെ | 23,91,184 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Shopping complex building construction | - | - | 435524 | 435524 | 30349 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|

| | | |
|---|---|---|
| Share-Malappuram co-operative spinning mill Ltd | 2000 | 36/27-07-1987 |
| Share-Malappuram district co-operative Hospital | 3000 | 45/19-01-1994 |
| Share-Malappuram co-operative Textiles Ltd | 50,000 | 258/03-08-1996 |
| ആകെ | 55,000 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഉദ്യോഗസ്ഥന്റെ പേര് | രശീതി നം.തിയതി |
|---|---|---|---|---|
| - | - | 9733 (ഡിഡി എസ്.ബി.ടി.) | സെക്രട്ടറി, ഞാറക്കൽ ഗ്രാ.പ. | 180400101/17.9.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2(1) | 2014-15 | 2(1) | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്നു. 01.07.2016 മുതൽ എഗ്രിമെന്റ് വച്ചു. |
| 2012-13 | " | " | " | " | " |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50984746 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42948970 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,48,984 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1782253 | ശ്രീ. ഫവാസ് ഷെമീം, സെക്രട്ടറി |
| 3-2 | 677937 | ശ്രീ.മുജീബ് റഹ്മാൻ മെഡി.ഓഫീസർ |
| 3-3 | 288794 | ശ്രീ.അജയകുമാർ എ.ഇ. |
| ആകെ | 2748984 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 3-4 തുക 1218 (എ.ഇ) ക്ഷേമനിധി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 | |
| 1979-80 | എൽ.എഫ്.എം.7/1081/94 തിയ്യതി: 31.08.2004 | 2 | |
| 1980-81 | എൽ.എഫ്.എം.7/1082/94 തിയ്യതി: 31.08.2004 | 3 | |
| 1982-83 | എൽ.എഫ്.എം.7/1084/94 തിയ്യതി: 31.08.2004 | 1 | |
| 1983-84 | എൽ.എഫ്.എം.7/1085/94 തിയ്യതി: 31.08.2004 | 8 | |
| 1984-85 | എൽ.എഫ്.എം.7/1086/94 തിയ്യതി: 31.08.2004 | 7 | |
| 1985-86 | എൽ.എഫ്.എം.7/1087/94 തിയ്യതി: 31.08.2004 | 10 | |
| 1986-87 | എൽ.എഫ്.എം.7/1088/94 തിയ്യതി: 31.08.2004 | 12 | |
| 1987-89 | എൽ.എഫ്.എം.7/1069/94 തിയ്യതി: 04.05.1994 | 17 | |
| 1989-91 | എൽ.എഫ്.എം.7/1084/94 തിയ്യതി: 06.02.1995 | 12 | |
| 1991-92 | എൽ.എഫ്.എം.7/1089/94 തിയ്യതി: 31.08.1994 | 7 | |
| 1992-94 | എൽ.എഫ്.എം.5/720/97 തിയ്യതി 5.3.98 | 7 | |
| 1994-96 | എൽ.എഫ്.എം.5/868/99 തിയ്യതി 5.10.99 | 4 | |
| 1996-97 | എൽ.എഫ്.എം.5/11/99 തിയ്യതി 9.11.99 | 1 | |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07 തിയ്യതി 6.2.09 | 1 | |
| 1998-99 (പദ്ധതി ചെലവ് | എൽ.എഫ്.എം.7/2376/07 തിയ്യതി 6.2.09 | 1 | |

| | | | |
|---|---|---|---|
| ഒഴികെ) | | | |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07 തിയ്യതി 6.2.09 | 4 | |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07 തിയ്യതി 28.9.05 | 23 | |
| 2000-01 | എൽ.എഫ്.എം.7/2374/07 തിയ്യതി 6.2.09 | 10 | |
| 2001-02 | എൽ.എഫ്.എം.7/2378/07 തിയ്യതി 25.3.09 | 9 | |
| 2002-03 | എൽ.എഫ്.എം.7/2379/07 തിയ്യതി 25.3.09 | 4 | |
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 | |
| 2004-05 | എൽ.എഫ്.എം.14/2215/08 തിയ്യതി 25.3.09 | 16 | |
| 2005-06 | എൽ.എഫ്.എം.14/258/09/09 തിയ്യതി 27.6.09 | 16 | |
| 2006-07 | എൽ.എഫ്.എം.14/259/09/09 തിയ്യതി 18.7.09 | 49 | |
| 2007-08 | എൽ.എഫ്.എം.14/260/09/09 തിയ്യതി 18.7.09 | 42 | |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എം.17/201/2013 തിയ്യതി 8.4.13 | 25 | |
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014 | 19 | |

| | | | |
|---|---|---|---|
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.17/2242/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

dompm.ksad@kerala.gov.in

തീയ്യതി 22-11-17

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# Annexure-2

## AUDIT CERTIFICATE

No. KSA/MPM.17/2242/2017 Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 22-11-2017

Certified that I have audited the Annual Financial Statement of Thirunavaya Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Thirunavaya Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

DeputyDirector

Kerala State Audit Department
District Audit Office,

Malappuram